**File No.TCPCTP/1761/2019-D**

**മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കണ്ണൂർ ജില്ല ഇരിട്ടി നഗരസഭ കീഴൂർ വില്ലേജ് വർക്ക് ഷോപ്പ് നിർമ്മാണം ലേ- ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ശ്രീ.ജോൺ കെ പോൾ, എം.ഡി., പോപ്പുലർ വെഹിക്കിൾസ് & സർവ്വീസ് ലിമിറ്റഡ്-ന്റെ 16/05/2019 ലെ അപേക്ഷ

2. കണ്ണൂർ ടൗൺ പ്ലാനറുടെ 16.07.2019 ലെ സി/1487/19,20/9/2019 ലെ TCPKNR/2013/19-C 16/01/2020 ലെ TCPKNR/248/19-D നമ്പർ കത്തുകൾ.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/1761/19-D തീയതി:**06/02/2020**

---

കണ്ണൂർ ജില്ലയിലെ ഇരിട്ടി നഗരസഭ പരിധിയിലുള്ള കീഴൂർ വില്ലേജിൽ റീ സർവ്വേ നമ്പർ **14/117, 14/118, 14/119, 11/175, 11/176** എന്നിവയിൽപ്പെട്ട 2426 ച.മീ. സ്ഥലത്ത് Group-I Occupancy - ൽ പ്പെട്ട 1409.95 ച.മി തറ വിസ്തീർണ്ണമുള്ള ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ.ജോൺ.കെ.പോൾ, എം.ഡി., പോപ്പുലർ വെഹിക്കിൾസ് & സർവ്വീസ് ലിമിറ്റഡ്**-ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെപറയുന്ന നിബന്ധനകൾ പൂർണ്ണമായും, പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്കുപെൻസി നൽകുവാൻ പാടുള്ളു.
2. കെ.എം.ബി.ആർ.1999-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ - നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കെ.എം.ബി.ആർ. ചട്ടം 59(16) പ്രകാരം ആവശ്യമായ മലിന ജല ശുദ്ധീകരണശേഷം പുനരുപയോഗിക്കുന്നതിനുള്ള സംവിധാനങ്ങൾ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
6. കെ.എം.ബി.ആർ. ചട്ടം 39 അനുശാസിക്കുന്ന അളവുകൾ പാലിക്കുന്ന ഗോവണി നിർമ്മിക്കുക.

7. കെ.എം.ബി.ആർ. ചട്ടം 109 B അനുശാസിക്കുന്ന സംഭരണശേഷിയുള്ള മഴവെള്ള സംഭരണി നിർമ്മിക്കുക.
8. കെ.എം.ബി.ആർ. ചട്ടം 59(15) അനുശാസിക്കുന്ന രീതിയിലുള്ള ദ്രവ മാലിന്യ സംസ്കരണ സംവിധാനം തയ്യാറാക്കുക.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 28/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>**

**ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം**

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

**ജയശ്രീ.പി.ആർ**
**ടൗൺ പ്ലാനർ**

സെക്രട്ടറി,
ഇരിട്ടി നഗരസഭ, കണ്ണൂർ

പകർപ്പ്:-

1. ശ്രീ.ജോൺ.കെ.പോൾ, എം.ഡി., പോപ്പുലർ വെഹിക്കിൾസ് & സർവ്വീസ് ലിമിറ്റഡ്, കുറ്റുക്കാരൻ സെന്റർ, മാമംഗലം, കൊച്ചി- 25
2. ടൗൺ പ്ലാനർ, കണ്ണൂർ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം